"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയ്ക്കായി ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡ് -ൽ നിന്നും കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ (കെ. യു.ആർ.ഡി.എഫ്.സി) ലിമിറ്റഡ് മുഖേന എടുത്ത പുതിയ വായ്പയുടെ പലിശ ഒടുക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.430/2026/LSGD തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-

1. 21-08-2025- ലെ സ.ഉ.(കൈ)നം. 155/2025/ത സ്വ ഭ വ ഉത്തരവ്
2. 05.02.2026 ലെ സ.ഉ.(സാധാ)നം. 1133/2026/ധന ഉത്തരവ്
3. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 07.02.2026 ലെ കെ.യു.ആർ.ഡി.എഫ്.സി/250/2025-എൽഎം1 നമ്പർ കത്ത്.
4. 16.02.2026 ലെ സ.ഉ.(സാധാ) നം. 1476/2026/ധന ഉത്തരവ്

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം എടുത്ത വായ്പയുടെ പലിശ ഒടുക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം റൂറൽ സെക്ടറിൽ 2515-00-102-30 (പി) എന്ന ശീർഷകത്തിൽ 256.26 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. വായ്പയുടെ 2025-26 വർഷത്തെ അവസാന (നാലാം) ഗഡു ത്രൈമാസ പലിശ തുക 63,82,55,937/- രൂപ റൂറൽ സെക്ടറിൽ 2515-00-102-30(പി) എന്ന ശീർഷകത്തിൽ ലഭ്യമല്ലാത്തതിനാൽ പരാമർശം -2 പ്രകാരം അധികം ആവശ്യമായ തുക അധികധനാനുമതി മുഖേന അനുവദിക്കുകയുണ്ടായി.

2. പരാമർശം -1 ഉത്തരവിലൂടെ ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടി ഹഡ്കോ പുതുതായി അനുവദിച്ച 1500 കോടി രൂപ വായ്പയുടെ ആദ്യ ഗഡുവായ 400 കോടി രൂപ ഫണ്ടിന്റെ ആവശ്യകത പരിഗണിച്ച് ഫെബ്രുവരി 11-ആം തീയതി റിലീസ് ചെയ്യുന്ന സാഹചര്യത്തിൽ, ആദ്യ റിലീസായ 400 കോടി രൂപയ്ക്ക് 1,61,33,700 രൂപ പലിശയിനത്തിൽ ഫെബ്രുവരി 28ന് മുൻപ് ഒടുക്കേണ്ടതുണ്ടെന്നും ഈ തുക അധികധനാനുമതി മുഖേന അനുവദിച്ച് കെ.യു.ആർ.ഡി.എഫ്.സി യുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം - 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

പരാമർശം -4 പ്രകാരം പ്രസ്തുത തുകക്കുള്ള വിഹിതം അധികധനാനുമതി മുഖേന അനുവദിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടി ഹഡ്കോ പുതുതായി അനുവദിച്ച 1500 കോടി രൂപ വായ്പയിൽ റിലീസ് ചെയ്ത ആദ്യ ഗഡു 400 കോടി രൂപയുടെ ഫെബ്രുവരി മാസത്തെ പലിശ തുകയായ 1,61,33,700 രൂപ (ഒരു കോടി അറുപത്തിഒന്ന് ലക്ഷത്തി മുപ്പത്തിമൂവായിരത്തി എഴുന്നൂറ് രൂപ മാത്രം) റൂറൽ സെക്ടറിൽ 2515-00-102-30 (പി) എന്ന ശീർഷകത്തിൽ നിന്ന് താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| Name of Beneficiary | Kerala Urban and Rural Development Finance Corporation Ltd. | |
| Bank | State Bank of India | |
| Branch | Vazhuthacaud | |
| IFS Code | SBIN0070033 | |
| Details of Amount crediting for Rural Sectors | Account No | Amount in Rs |
| | 44893452419 (Rural out 2025) | 1,61,33,700 |
| **Total** | | **1,61,33,700** |

അധിക ധനാനുമതി മുഖാന്തരം അനുവദിച്ച തുക ക്രമീകരണത്തിനുള്ള ആവശ്യമായ നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കോൺട്രോളിങ് ഓഫീസർ നിലവിലുള്ള സാമ്പത്തിക വർഷാവസാനത്തിനു മുൻപായി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, Statue, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപൂരം

മാനേജിംഗ് ഡയറക്ടർ, കെ.യു. ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ (വനിത ശിശു വികസന ) വകുപ്പ് {16.02.2025 ലെ WCD-3/117/2025-Fin പ്രകാരം} പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 19-02-2026 14:48:01

സെക്ഷൻ ഓഫീസർ